**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6391** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസ തുക അനുവദിക്കുവാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസം ലഭ്യമാക്കുന്നതിനായി അർഹത കണ്ടെത്തി ശിപാർശ ചെയ്ത സമർപ്പിക്കുന്ന അപേക്ഷകളിൽ മത്സ്യഫെഡിന് കീഴിലുള്ള സംഘങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ വരുന്ന സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ബന്ധപ്പെട്ട ഫിഷറീസ് ജില്ലാ ഓഫീസുകളുടെയും മത്സ്യഫെഡ്/ സഹകരണ സംഘം രജിസ്ട്രാർ ഓഫീസുകളുടെയും സംയുക്ത പരിശോധനയ്ക്ക് ശേഷമാണ് പ്രസ്തുത ധനകാര്യ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ച് നൽകുന്നത്. ആയതിന്റെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുള്ള കാലതാമസം മാത്രമാണ് വരുന്നത്. |
| (ബി) | ഈയിനത്തിൽ എത്ര തുക വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ബി) | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ഇനി 15 ഗുണഭോക്താക്കൾക്കായി 6,64,022/- രൂപ അനുവദിക്കാനുണ്ട്. ടി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ